# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:1013** **30/09/2016 ൽ മറുപടിക്ക്**

## ഓണക്കാലത്തെ കാർഷിക വിപണനം

| ചോദ്യം<br>ശ്രീ.ടി.വി.ഇബ്രാഹിം: | മറുപടി<br>ശ്രീ.വി. എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) ഈ ഓണക്കാലത്ത് ഹോർട്ടികോർപ്പ് വഴി എത്ര രൂപയുടെ സാധനങ്ങളാണ് വിറ്റഴിച്ചതെന്ന് വ്യക്തമാക്കാമോ ; | (എ) ഈ ഓണക്കാലത്ത് സബ്സിഡി നിരക്കിൽ പച്ചക്കറി വിറ്റ ഇനത്തിൽ കൃഷി വകുപ്പിന് 10.06 കോടി രൂപയുടെ വിറ്റുവരവ് ഉണ്ടായി എന്നാണ് പ്രാഥമികമായി വിലയിരുത്തിയിട്ടുള്ളത്. |
| ബി) ഈ ഓണക്കാലത്ത് കാർഷിക വിപണനത്തിന് മറ്റേതെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരുന്നതെന്ന് വ്യക്തമാക്കാമോ ? | (ബി) "ഓണസമൃദ്ധി" എന്ന പേരിൽ സംസ്ഥാനത്ത് 1350 കാർഷികോൽപ്പന്ന വിപണികൾ സംഘടിപ്പിച്ചിരുന്നു. ഇതിൽ 980 എണ്ണം കൃഷി വകുപ്പിന്റെയും, 190 എണ്ണം വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളത്തിന്റെയും, 180 എണ്ണം ഹോർട്ടികോർപ്പിന്റെയും ആയിരുന്നു. കേരളത്തിലെ എല്ലാ കൃഷിഭവനുകളുടെ നേതൃത്വത്തിലും പഞ്ചായത്ത്തല വിപണികൾ സംഘടിപ്പിച്ചിരുന്നു. ഇതിന് പുറമെ വിവിധ സർവ്വീസ് സഹകരണ ബാങ്കുകളും സന്നദ്ധ സംഘടനകളും കുടുംബശ്രീ പോലുള്ള സംരംഭങ്ങളും കാർഷിക ഉൽപ്പന്ന വിപണികൾ നടത്തുകയുണ്ടായി. സപ്ലൈകോ വിൽപ്പനശാലകളോടനുബന്ധിച്ചും ഹോർട്ടികോർപ്പിന്റെ പച്ചക്കറി സ്റ്റാളുകൾ ഏർപ്പെടുത്തിയിരുന്നു.<br>ഓണം വിപണന സ്റ്റാളുകൾ സെപ്റ്റംബർ 9 മുതൽ 13 വരെ സജീവമായി പ്രവർത്തിച്ചു. ഈ ദിവസങ്ങളിൽ കാർഷികോൽപ്പന്നങ്ങൾക്ക് പൊതു വിപണിയിലെ വിലയെക്കാൾ 30% വരെ ഉപഭോക്താക്കൾക്ക് സബ്സിഡിയും നൽകിയിരുന്നു. |

**സെക്ഷൻ ഓഫീസർ**